**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1464** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസിലെ സയൻസ് ബാച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാമ്പാടിയിലെ പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസ്.-ൽ നിലവിലുണ്ടായിരുന്ന സയൻസ് ബാച്ച് താല്കാലികമായി മറ്റേതെങ്കിലും സ്കൂളിലേക്ക് ഷിഫ്റ്റ് ചെയ്ത് നൽകിയിരുന്നോ; എങ്കിൽ ഇത് എന്നാണ് ചെയ്തതെന്നും ഇതിലേക്ക് നയിച്ച സാഹചര്യമെന്തെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ വിവരങ്ങൾ നൽകുമോ; | (എ) | പാമ്പാടിയിലെ പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസ്.-ൽ ഒഴിഞ്ഞു കിടക്കുകയായിരുന്ന സയൻസ് ബാച്ച് 2021-22 അദ്ധ്യയന വർഷമാണ് 22/12/2021 ലെ സ.ഉ.(കൈ) നം. 287/2021/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് ഷിഫ്റ്റ് ചെയ്ത് നൽകിയത്. |
| (ബി) | ഏത് അധ്യയന വർഷത്തിലെ അലോട്ട്മെന്റുകളുടെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരമൊരു ഉത്തരവ് നൽകിയത്; തുടർന്നുള്ള അധ്യയന വർഷങ്ങളിലെ അലോട്ട്മെന്റുകളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ, താല്കാലികമായി നടത്തിയ ഷിഫ്റ്റിംഗ് റദ്ദാക്കി പ്രസ്തുത സയൻസ് ബാച്ച് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ; | (ബി) | 2020-21 അദ്ധ്യയന വർഷത്തിലെ അലോട്ട്മെന്റുകളുടെ കണക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരമൊരു ഉത്തരവ് നൽകിയത്. ഷിഫ്റ്റ് ചെയ്ത ബാച്ചുകൾക്ക് തുടർന്നുള്ള വർഷങ്ങളിലും തുടരാൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | മുൻകാലങ്ങളിൽ പ്രസ്തുത സ്കൂളിൽ മൂന്ന് ബാച്ച് സയൻസ് വിഭാഗങ്ങളിലായി 182 വിദ്യാർത്ഥികൾ പഠിച്ചിരുന്നിട്ടും നിലവിൽ അപേക്ഷകരുണ്ടെങ്കിലും 122 പേർക്ക് മാത്രമായി അഡ്മിഷൻ നിജപ്പെടുത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഷിഫ്റ്റ് ചെയ്ത ശേഷം പ്രസ്തുത സ്കൂളിൽ രണ്ട് സയൻസ് ബാച്ചുകൾ മാത്രമാണ് നിലവിലുള്ളത്. |
| (ഡി) | ഇതുകാരണം വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന പ്രയാസങ്ങൾ ഒഴിവാക്കുന്നതിനായി പാമ്പാടി പൊൻകുന്നം വർക്കി സ്മാരക ജി.എച്ച്.എസ്.എസ്.-ൽ നിന്ന് താല്കാലികമായി ഷിഫ്റ്റ് ചെയ്ത സയൻസ് ബാച്ച് എത്രയും വേഗം പുന:സ്ഥാപിച്ച് നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | സയൻസ് ബാച്ച് പുന:സ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ